**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *372</u>** **<u>16.03.2017-ൽ മറുപടിയ്ക്ക്</u>**

## പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നം

**ചോദ്യം**
**ശ്രീ.എ.പി. അനിൽ കുമാർ**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ. വി.പി.സജീന്ദ്രൻ**
**ശ്രീ.വി.എസ്.ശിവകുമാർ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ; | എ) | നടപ്പ് സാമ്പത്തിക വർഷാരംഭത്തിൽ സംസ്ഥാനത്തൊട്ടാകെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ വിശദാംശങ്ങൾ ജില്ലാ ആഫീസർമാർ മുഖേന ശേഖരിക്കുകയും, അപ്രകാരം 15149 പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുകയും ഉണ്ടായി. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനും, പണി പൂർത്തിയാകാത്ത വീടുകൾ വാസയോഗ്യമാക്കിത്തീർക്കുന്നതിനും യുദ്ധ കാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു. ഇതിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷം ഭവനരഹിതരായ 6709 പട്ടികവർഗ്ഗക്കാർക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികളിലുൾപ്പെടുത്തി വീട് അനുവദിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ അനുവദിച്ച 23197 വീടുകളുടെ പണി സ്പിൽ ഓവർ ആയി |

| | | | |
|---|---|---|---|
| | | | ബാക്കിയുണ്ടായിരുന്നു. ഇവ പൂർത്തീകരിക്കാനായി 31.01.2017 വരെ ആകെ 166,78,94,000/- രൂപ അനുവദിച്ചു. |
| ബി) | ഭവന രഹിതരായവർക്ക് വീടുവയ്ക്കാൻ സ്ഥലവും ധനസഹായവും നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | ബി) | ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗക്കാരുടെ വിശദാംശങ്ങൾ ശേഖരിക്കുകയും, അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭൂമിയും വീടും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 'ഭൂമി വാങ്ങി നൽകൽ പദ്ധതി', ആദിവാസി പുനരധിവാസ വികസന മിഷൻ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കി വരുന്നു. ഭൂരഹിതരായ 211 പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. വനാവകാശ നിയമ പ്രകാരം 136 പേർക്ക് 705 ഏക്കർ ഭൂമിക്കുള്ള ROR വിതരണം ചെയ്തു. വനാവകാശ നിയമ പ്രകാരം നടപടികൾ പൂർത്തീകരിച്ച് 5075 പേർക്ക് ROR നൽകാൻ നടപടി സ്വീകരിച്ചു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിതരണത്തിനായി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ നിന്നും 4000 പേർക്ക് 7149 ഏക്കർ ഭൂമി കൂടി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ് പദ്ധതി, എ.ടി.എസ്.പി ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിലുൾപ്പെടുത്തി വീടുകൾ അനുവദിച്ച് വരുന്നു. ഇത് കൂടാതെ നടപ്പ് സാമ്പത്തിക വർഷം വനബന്ധു കല്യാൺ യോജന |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽപ്പെടുത്തിയും വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖേന ഐ.എ.വൈ പദ്ധതി പ്രകാരവും അർഹരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ചു വരുന്നു. |
| സി) | ഇവരുടെ വീടുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്, വിവരിക്കുമോ? | സി) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ സർക്കാർ ഏജൻസികൾ മുഖേന അനുവദിച്ചു നൽകിയതും, നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും, അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്കുമായി വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. നടപ്പ് സാമ്പത്തികവർഷം ഇത്തരത്തിൽ 500 വീടുകളുടെ പുനരുദ്ധാരണത്തിനായി വിവിധ ജില്ലകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ